**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.5422**

**01.07.2019 ൽ**
**മറുപടിയ്ക്ക്**

## അഡ്വഞ്ചർ സ്പോർട്സ് പദ്ധതികൾ

**ചോദ്യം**
**ശ്രീ. പി.വി. അൻവർ**

**മറുപടി**
**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | അഡ്വഞ്ചർ സ്പോർട്സ് പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമബോർഡിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന ദേശീയ സാഹസിക അക്കാഡമികൾ വഴി ട്രെക്കിംഗ്, അഡ്വഞ്ചർ കാർണിവൽ തുടങ്ങി യുവാക്കളിൽ സാഹസികത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സാഹസിക പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ച് വരുന്നുണ്ട്.<br>2010 - 14 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള ഒഴിവുകളിലേക്ക് അപേക്ഷിക്കാൻ അഡ്വഞ്ചർ സ്പോർട്സ് ഇനമായ മൗണ്ടനീയറിംഗ് ഉൾപ്പെടുത്തി 25/10/2017 ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ അഡ്വഞ്ചർ സ്പോർട്സ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | നിലവിൽ പരിഗണനയിലില്ല |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി പരിഗണിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളുണ്ടോ ; വിശദമാക്കാമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ